പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം : 267

20.06.2013-ൽ മറുപടി
നൽകേണ്ടത്

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് ഓരോ ജില്ലയിലും കണ്ടെത്തിയ ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>,, ചിറ്റയം ഗോപകുമാർ<br>,, ഇ. കെ. വിജയൻ<br>,, ഇ. ചന്ദ്രശേഖരൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് തുടക്കം കുറിച്ചതെന്നാണ്; പദ്ധതിക്കാവശ്യമായ സ്ഥലം എല്ലാ ജില്ലകളിലും കണ്ടെത്താൻ കളക്ടർമാർക്ക് നൽകിയ നിർദ്ദേശപ്രകാരം ഇതുവരെ ഓരോ ജില്ലയിലും കണ്ടെത്തിയ ഭൂമി എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; | (എ) കേരളത്തെ ഭൂരഹിതരായ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി -2015" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതിക്ക് വേണ്ടി ജില്ലകളിൽ കണ്ടെത്തിയിട്ടുള്ള വിവിധ ഇനം സർക്കാർ ഭൂമികളിൽ സർവെ പ്രവർത്തനങ്ങളും, പ്ലോട്ട് തിരിക്കലും നടന്നുവരുന്നു. സർവ്വേ നടപടി പൂർത്തിയായ ഭൂമിയുടെ വിവരം ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | ലഭ്യമായ ഭൂമി (ഏക്കറിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 203.71 |
| 2 | കൊല്ലം | 21.20 |
| 3 | പത്തനംതിട്ട | 11.78 |
| 4 | ആലപ്പുഴ | 12.17 |
| 5 | കോട്ടയം | 47.51 |
| 6 | ഇടുക്കി | 207.53 |
| 7 | എറണാകുളം | 83.70 |
| 8 | തൃശ്ശൂർ | 45.62 |

| | | |
|---|---|---|
| 9 | പാലക്കാട് | 54.03 |
| 10 | മലപ്പുറം | 35.29 |
| 11 | കോഴിക്കോട് | 39.02 |
| 12 | വയനാട് | 31.50 |
| 13 | കണ്ണൂർ | 435.73 |
| 14 | കാസർഗോഡ് | 1217.66 |
| ആകെ | | **2446.70** |

(ബി) ഈ പദ്ധതിക്ക് ഭൂമി കണ്ടെത്താൻ ജില്ലാതലങ്ങളിൽ വീഴ്ച വന്നിട്ടുള്ളതായി സ്പെഷ്യൽ ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ സ്പെഷ്യൽ ആഫീസറുടെ മറ്റ് കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിക്ക് അനുയോജ്യമായ ഭൂമി പൂർണ്ണമായും കണ്ടെത്തുന്നതിന് സ്റ്റേറ്റ് സ്പെഷ്യൽ സെൽ ജില്ലകൾ തോറും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ഒന്നാംഘട്ട പട്ടയ വിതരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ജില്ലാതലത്തിൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് തയ്യാറാക്കിയ കർമ്മപരിപാടി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ജില്ലാകളക്ടർമാർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(സി) വിവിധ വകുപ്പുകളുടെ കൈവശമിരിക്കുന്ന ഉപയോഗയോഗ്യമല്ലാത്ത ഭൂമി കണ്ടുപിടിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(സി) വിവിധ വകുപ്പുകളുടെ കൈവശത്തിലുള്ളതും, എന്നാൽ അവർ ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമികൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം കണ്ടെത്തിയ ഭൂമികളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ചകൾ നടന്നുവരുന്നു.

| | |
|---|---|
| (ഡി) ഈ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ എത്ര പേർക്ക് ഭൂമി നൽകാനാണ് തീരുമാനിച്ചിരുന്നത്; ഇവർക്ക് ഇനി എന്നത്തേയ്ക്ക് ഭൂമി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ഒരു ലക്ഷം ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി നൽകാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. 2013 ആഗസ്റ്റ് മാസം ഒന്നാംഘട്ട ഭൂമി വിതരണം നടത്താൻ വേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. |

**സെക്ഷൻ ഓഫീസർ**